LABOURERS AT PERINGALKUTHU—NUMBER OF WORKING DAYS

14. മിസ്റ്റർ എം. കെ. വട്ടീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക മറുപടി പറയുവാൻ ബഹുമാനപ്പെട്ട ഗവൺമെണ്ടിനു ദയവുണ്ടാകുമോ.—

(എ) പെരിങ്ങൽകുത്തിലെ തൊഴിലാളികൾ പതിനഞ്ചു ദിവസത്തിൽ കൂടുതൽ അവിടെ ജോലിചെയ്യുന്നില്ലെന്നറിയുന്നതു വാസ്തവമാണോ;

(ബി) വാസ്തവമാണെങ്കിൽ അതിനു കാരണമെന്തു?

റാവു സാഹിബു് കെ. അയ്യപ്പൻ:

(എ) അല്ല. പെരിങ്ങൽകുത്തിലെ തൊഴിലാളികൾ പതിനഞ്ചുദിവസത്തിലൊരിക്കൽ നാട്ടിലേക്കു പോവുക പതിവായിരുന്നു. എന്നാൽ ഈയിടെയായി ഒരുമാസം ജോലിചെയ്യാമെന്ന കരാറിന്മേൽ തൊഴിലാളികളെ എപ്പെട്ടുത്തിയിട്ടുണ്ടു്.

(ബി) ഉത്തരം ആവശ്യമില്ല.

PROHIBITION OF NEWSPAPER "DESABHIMANI"

15. മിസ്റ്റർ പി. ഡി. സബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു ദയവു മറുപടി പറയുമോ.—

(എ) ദേശാഭിമാനി പത്രം കൊച്ചിയിൽ നിരോധിച്ചുകൊണ്ടുള്ള ഗവൺമെണ്ടുത്തരവു് എന്നാണു് പ്രസിദ്ധീകരിക്കപ്പെട്ടതു്;

(ബി) ആ തീയ്യതിക്കു എത്രമാസം മുമ്പുള്ള ലക്കങ്ങൾക്കാണു് ഈ നിരോധനം ബാധകമാക്കിയിട്ടുള്ളതു്;

(സി) കുറ്റകരമായിരുന്ന ഇത്രയും കാലത്തെ പ്രസിദ്ധീകരണമെങ്കിൽ നടപടിയെടുക്കുവാൻ ഗവൺമെണ്ടു് ഇത്രയും കാലവിളംബം വരുത്തിയതു് എന്തിനു്?

റാവു സാഹിബു് എ. മാധവപ്രഭു:

(എ) ഫൻർ൭ ജൂൺ ൩-൦൩-.

(ബി) ഫൻർ൭ ഫെബ്രുവരി ൧-൦൩- മുതല്ലുള്ള ലക്കങ്ങൾക്കു്.

(സി) അതിനുള്ള നിയമംതന്നെ പാസ്സാക്കിയതു് ൩—൩൯—൴൭-ൽ ആണു്.

ACTION AGAINST EMPLOYERS

16. മിസ്റ്റർ കെ. എ. രാഘവൻ: താഴെ എഴുതുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും ദയവു മറുപടി പറയുമോ.—

തൊഴിലാളിപ്രതിനിധികളുമായി കൂടിയാലോചന നടത്തുന്നതിനും അവരുടെ കുത്തുകൾക്കു മറുപടി അയയ്ക്കുന്നതിനും കൂട്ടാക്കാതിരുന്നിട്ടുള്ള ഏതു തൊഴിലുടമസ്ഥന്മാരുടെ പേരിൽ നിയമാനുസരണം നടപടിയെടുപ്പാൻ വിദ്യാഭ്യാസമന്ത്രിക്കു കഴിഞ്ഞിട്ടുണ്ടെന്നു ഗവൺമെണ്ടു പറയുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉടമസ്ഥന്മാരോ മാനേജ്മെൻറുകളോ സ്വീകരിക്കാത്ത തൊഴിലാളി പ്രതിനിധികളുമായി കൂടിയാലോചന നടത്തുന്നതിനുള്ള ഒരു നിയമം നിലവിലില്ല. അങ്ങിനെ സ്വീകരിച്ചിരിക്കുന്നവരുമായി തമ്മിൽ എഴുത്തുകുത്തുകളും സംഭാഷണങ്ങളും നടന്നുവരുന്നുണ്ടു്. സ്വീകരിക്കാത്ത യൂണിയൻ പ്രതിനിധികളുമായി സംഭാഷണങ്ങളും കത്തെടവാടുകളും നടത്തുന്നതിനു് ഉടമസ്ഥന്മാരെ യഥോചിതം ഉപദേശിക്കുകയും അവർ അതിനെ സ്വീകരിക്കുകയും ചെയ്യുന്നുണ്ടു്. അവരുടെ തുക കൃത്യമായി പറയുന്നതിനു സാധിക്കുന്നതല്ല.

QUALIFICATION OF MIDWIVES IN THE STATE SERVICE

17. Mrs. T. Francis *(Ernakulam-Women)*: Will Government be pleased to state—

whether there are in the Cochin State Service midwives possessing higher qualifications who can be put in charge to supervise and guide the present midwives working in at least such hospitals as the Women and Children's Hospital, Mattancheri, and the Maternity Hospital, Trichur?

Rao Bahadur T. K. Nayar *(Minister for Public Health)*: No.

VALA COLONY—LAND ACQUISITION—DETAILS REGARDING

18. Mr. P. T. Jacob *(Latin-Christians—Mattancheri)*:

(a) will Government be pleased to state whether there was a Post-war Reconstruction Department Notification in the Government Gazette, dated 8th Meenam 1122 about land acquisition for a Vala Colony in the Rameswaram Village;

LIBRARY ARCHIVES Kerala Legislative Assembly